(ഡി) മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെ പരസ്യ ക്യാംപയിൻ വകുപ്പ് നടത്തിവരുന്നു. ഓൺലൈൻ മുഖേന പ്രശസ്തരായ ബ്ലോഗേഴ്സിനെ തെരഞ്ഞെടുത്ത് കേരളത്തിലെ എല്ലാ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളും സന്ദർശിക്കാനുള്ള അവസരം ഒരുക്കുകയും പ്രസ്തുത കേന്ദ്രങ്ങളെക്കുറിച്ച് ബ്ലോഗിൽ വിവരണം ചെയ്യിക്കുകയും ചെയ്യുന്ന ബ്ലോഗേഴ്സ് ക്യാംപയിൻ എന്ന പ്രചരണ പരിപാടി വകുപ്പ് നടപ്പാക്കിവരുന്നു. വെബ്സൈറ്റിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും നിരവധി മത്സരാധിഷ്ഠിത പ്രചരണ പരിപാടികൾ വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ഉത്തരവാദിത്ത ടൂറിസം പ്രമേയമാക്കിക്കൊണ്ട് 3 ഡോക്യുമെന്ററികൾ ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കി. ഇതിന്റെ ഇംഗ്ലീഷ് പതിപ്പ് ലോക ടൂറിസം മേളകളിൽ പ്രദർശിപ്പിച്ചു. മലയാളം പതിപ്പ് കേരളത്തിലെ എല്ലാ വാർത്താ ചാനലുകളിലും പ്രദർശിപ്പിക്കുകയുണ്ടായി. പൊതുജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി സിനിമാ തീയേറ്ററുകൾ വഴിയും പ്രചരിപ്പിച്ചുവരുന്നു. ബി.ബി.സി. ഉൾപ്പെടെയുള്ള ഒട്ടേറെ അന്തർദ്ദേശീയ ചാനലുകളെ കൊണ്ടും ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രമേയമാക്കി പരിപാടികൾ തയ്യാറാക്കിച്ച് പ്രക്ഷേപണം ചെയ്യിച്ചിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസം

333(1034) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നാക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം വ്യാപിപ്പിക്കുന്നതിന് നോഡൽ ഏജൻസിയായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം&ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ കിറ്റ്സ് ഇതുവരെ പ്രസ്തുത മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി ബജറ്റിൽനിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011 ജൂൺ മുതൽ ടൂറിസം വകുപ്പിനുവേണ്ടി നോഡൽ ഏജൻസി എന്ന നിലയിൽ കിറ്റ്സാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

1. പ്രവർത്തനം സമ്പൂർണ്ണമായി പുനരാരംഭിക്കേണ്ടിയിരുന്ന കുമരകം, തേക്കടി, വൈത്തിരി, കോവളം എന്നി നാല് കേന്ദ്രങ്ങളിലും 2011 മുതൽ 2016 ജനുവരി വരെയായി പ്രവർത്തനം മികച്ച രീതിയിൽ എത്തിക്കാൻ കിറ്റ്സിന് കഴിഞ്ഞിട്ടുണ്ട്. തന്മൂലം 2014-2015 വർഷത്തെ ഉത്തരവാദിത്ത ടൂറിസം ദേശീയ അവാർഡും 2015-ലെ പാറ്റാ സി.ഇ.ഒ. ചലഞ്ച് അവാർഡും തേക്കടിക്ക് ലഭിച്ചു. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി ആകെ 1510 കുടുംബങ്ങൾ ഗുണഭോക്താക്കളും തദ്ദേശതലത്തിൽ 6.73 കോടി രൂപ വിറ്റുവരവും ഉണ്ടായിട്ടുണ്ട്.

2. ഐക്യരാഷ്ട്ര സംഘടനയുടെ ടൂറിസം സംഘടനയായ UNWTO യുടെ യുളീസസ് അവാർഡ് 2013-ൽ ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് നേടാനായി.

3. സാമൂഹികം, സാമ്പത്തികം, പാരിസ്ഥിതികം എന്നി മേഖലകളിൽ ഉത്തരവാദിത്ത ടൂറിസത്തിന്റെ അനന്തസാധ്യതകൾ ഉൾക്കൊണ്ടുള്ള പ്രവർത്തനം നടത്തുവാൻ കഴിഞ്ഞതുവഴി ലോക ഉത്തരവാദിത്ത ടൂറിസം മോഡലായി കേരളം (കുമരകം) ഉയർന്നു.

(സി) 2011 മുതൽ 2015 വരെ 6.47 കോടി രൂപ ഈ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. അതിൽ നാളിതുവരെ 5.22 കോടി രൂപ ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

ഉത്തരവാദിത്വ ടൂറിസം പദ്ധതി

334(1035) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007-ൽ ആരംഭിച്ച കോവളം, കുമരകം, തേക്കടി, വൈത്തിരി, ബേക്കൽ, കുമ്പളങ്ങി - എന്നീ തീരപ്രദേശങ്ങളിൽ നടപ്പാക്കി വന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതിയുടെ തുടർച്ചയ്ക്കായി 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര തുക വീതം അനുവദിച്ചുവെന്നും എത്ര തുക ഏതെല്ലാം പദ്ധതികൾക്കായി ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly